# University of Calicut
## Directorate of Research

## 1.PhD PQE July 2024, December 2024, July 2025

► പി.എച്ച്.ഡി. പ്രാഥമിക യോഗ്യതാ പരീക്ഷ ജൂലൈ 2024 , ഡിസംബർ 2024 , ജൂലൈ 2025 എന്നീ പരീക്ഷകളുടെ കോഴ്സ് വർക്കിനായി രജിസ്റ്റർ ചെയ്തിട്ടുള്ള ഗവേഷകരുടെ ലിസ്റ്റ് യൂണിവേഴ്സിറ്റി വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. പരീക്ഷ വിജ്ഞാപനം ചെയ്യുന്ന മുറയ്ക്ക് , സ്റ്റുഡന്റ് പോർട്ടലിൽ പരീക്ഷാ രജിസ്ട്രേഷൻ ലിങ്ക് ലഭ്യമാകുന്നതായിരിക്കും.

► പേപ്പർ III റിസർച്ച് ആൻഡ് പബ്ലിക്കേഷൻ എത്തിക്സ് പരീക്ഷയ്ക്ക് മേൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റ് പരിഗണിക്കേണ്ടതില്ല. മതിയായ കോഴ്സ് വർക്ക് അറ്റന്റൻസ് ഉണ്ടെങ്കിൽ പരീക്ഷയ്ക്ക് അപേക്ഷിക്കാവുന്നതാണ്.

► മുൻ സെമെസ്റ്ററുകളിൽ കോഴ്സ് വർക്ക് പൂർത്തിയാക്കിയതിന് ശേഷം ബന്ധപ്പെട്ട PQE പരീക്ഷ എഴുതാൻ കഴിയാത്ത ഗവേഷകരെ സപ്ലിമെന്ററി പരീക്ഷയ്ക്ക് പരിഗണിക്കുന്നതിനായി അപേക്ഷ സമർപ്പിക്കേണ്ടതാണ്.സപ്ലിമെന്ററി അപേക്ഷകരുടെ ലിസ്റ്റ് പിന്നീട് പ്രസിദ്ധപ്പെടുത്തുന്നതാണ്.

► കോഴ്സ് വർക്ക് പൂർത്തിയാക്കിയ മുഴുവൻ ഗവേഷകരുടെയും കോഴ്സ് വർക്ക് അറ്റന്റൻസ് , റിസർച്ച് സൂപ്പർവൈസർമാർ പോർട്ടലിൽ രേഖപ്പെടുത്തേണ്ടതാണ്.

► 70% അറ്റൻഡൻസ് ഉള്ള ഗവേഷകർക്ക് മാത്രമേ പരീക്ഷ രജിസ്റ്റർ ചെയ്യുവാൻ സാധിക്കുകയുള്ളൂ.

► ഗവേഷകർ സ്റ്റുഡന്റ് പോർട്ടലിൽ 'sign up' ചെയ്ത് ഒരു പാസ്സ് വേർഡ് സെറ്റ് ചെയ്യുകയും തുടർന്ന് 'Login' ചെയ്യുകയും വേണം.

► എല്ലാ ഗവേഷകരും സ്റ്റുഡന്റ് പോർട്ടലിൽ P.G. സർട്ടിഫിക്കറ്റ് അപ്‌ലോഡ് ചെയ്തിരിക്കണം.

► പോർട്ടലിൽ രേഖപ്പെടുത്തിയിട്ടുള്ള പേര് , അഡ്രസ്സ് , ഫോൺ നമ്പർ , ഇമെയിൽ ഐഡി , സബ്ജക്ട് , ഫാക്കൽറ്റി , റിസർച്ച് സെന്റർ, റിസർച്ച് സൂപ്പർവൈസർ, ഗവേഷണം ആരംഭിച്ച തിയ്യതി, കോഴ്സ് വർക്ക് അറ്റന്റൻസ് എന്നിവ പരിശോധിക്കുകയും തെറ്റുകൾ തിരുത്തുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്. അല്ലാത്ത പക്ഷം പരീക്ഷാ രെജിസ്ട്രേഷൻ , ചോദ്യപേപ്പർ , റിസൾട്ട് എന്നിവയ്ക്ക് തടസ്സം നേരിട്ടേക്കാം.

## 2. PhD PQE December 2025 (Course Work Semester:2025 July -December)

► 2025 ജൂലൈ 1 ന് റിസർച്ച് സെന്ററുകളിൽ കോഴ്സ് വർക്ക് ആരംഭിച്ച ഗവേഷകരുടെ വിവരങ്ങൾ ലഭ്യമാക്കുന്നതിനായി എല്ലാ റിസർച്ച് സെന്ററുകളിലേക്കും സർക്കുലർ നൽകിയിട്ടുണ്ട്.(Circular No. 153570/RESEARCH-E-ASST-3/2016/Admn dated 23.06.2025)

► സർക്കുലർ പ്രകാരം റിസർച്ച് സെന്റർകൾക്ക് ഷെയർ ചെയ്തിട്ടുള്ള ഗൂഗിൾ ഷീറ്റ് മുഖാന്തിരം വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്

► ഓരോ റിസർച്ച് സെന്ററും കോഴ്സ് വർക്കിനായി തയ്യാറാക്കിയിട്ടുള്ള ടൈംടേബിൾ ,ഗവേഷകരുടെ ഇലക്ടിവ് വിഷയത്തിന്റെ സിലബസ് അംഗീകരിച്ച RAC മീറ്റിംഗ് റിപ്പോർട്ട് എന്നിവ ഗൂഗിൾ ഡ്രൈവ് വഴി അയക്കേണ്ടതാണ്.

► RAC അംഗീകാരം ലഭിച്ച സിലബസ് അതത് റിസർച്ച് സെന്ററുകളിൽ സൂക്ഷിക്കേണ്ടതാണ്. യൂണിവേഴ്സിറ്റിയിലേക്ക് അയക്കേണ്ടതില്ല.

► മുൻ സെമസ്റ്ററുകളിൽ കോഴ്സ് വർക്ക് ചെയ്ത ഗവേഷകരെ വീണ്ടും ലിസ്റ്റിൽ ഉൾപ്പെടുത്തേണ്ടതില്ല. ഒന്നിൽ കൂടുതൽ കോഴ്സ് വർക്ക് സെമെസ്റ്ററുകളിൽ രജിസ്റ്റർ ചെയ്യുന്ന ഗവേഷകർക്ക് പരീക്ഷാ രെജിസ്ട്രേഷന് തടസ്സം നേരിട്ടേക്കാം.

## 3. <u>കോഴ്സ് വർക്കുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ</u>

► ഓരോ വർഷവും ജനുവരി 1 , ജൂലൈ 1 തിയ്യതികളിലാണ് കോഴ്സ് വർക്ക് സെമസ്റ്റർ ആരംഭിക്കുന്നത് .

► ജനുവരി 1 മുതൽ ആരംഭിക്കുന്ന കോഴ്സ് വർക്ക് സെമസ്റ്റർ ജൂൺ 30 ന അവസാനിക്കുകയും ജൂലൈ 1 മുതൽ ആരംഭിക്കുന്ന കോഴ്സ് വർക്ക് സെമസ്റ്റർ ഡിസംബർ 31 ന അവസാനിക്കുകയും ചെയ്യുന്നു.

► 222 മണിക്കൂർ വരെ പരമാവധി അധ്യാപന സമയം ഉള്ള ഒരു 6 മാസ കോഴ്സ് ആണ് PhD കോഴ്സ് വർക്ക്. കോഴ്സ് വർക്ക് വിജയകരമായി പൂർത്തിയാക്കിവർക്ക് മാത്രമേ തുടർന്ന് വരുന്ന പ്രിലിമിനറി ക്വാളിഫയിങ് പരീക്ഷയ്ക്ക് അപേക്ഷിക്കാൻ സാധിക്കുകയുള്ളൂ.

► ഒരു കോഴ്സ് വർക്ക് സെമസ്റ്ററിനിടയിൽ പി.എച്ച്.ഡി. പ്രവേശനം ലഭിച്ച ഗവേഷകന് തുടർന്ന് വരുന്ന സെമെസ്റ്ററിൽ മാത്രമേ കോഴ്സ് വർക്ക് ആരംഭിക്കാൻ കഴിയുകയുള്ളൂ.

► പി.എച്ച്.ഡി. പ്രവേശനം ലഭിച്ച രണ്ട് വർഷത്തിനുള്ളിൽ ഏതെങ്കിലും ഒരു സെമെസ്റ്ററിൽ കോഴ്സ് വർക്ക് പൂർത്തിയാക്കേണ്ടതാണ്.

► കോഴ്സ് വർക്ക് ആരംഭിക്കുന്നതിനു മുന്നോടിയായി എലെക്റ്റിവ് പേപ്പറിന്റെ സിലബസ് തയ്യാറാക്കി RAC അംഗീകാരം നേടിയിരിക്കണം.

► റിസർച്ച് സെന്ററുകൾ കോഴ്സ് വർക്കിനായി ഓരോ സെമെസ്റ്ററിലും ടൈം ടേബിൾ തയ്യാറാക്കേണ്ടതുണ്ട്.

► റിസർച്ച് റെഗുലേഷനിൽ പ്രതിപാദിച്ചിരിക്കുന്ന മുഴുവൻ കോഴ്സ് വർക്ക് ക്രെഡിറ്റുകളും ഒരു സെമസ്റ്ററിൽ തന്നെ പൂർത്തിയാക്കേണ്ടതുണ്ട്.

► ഫുൾ ടൈം ഗവേഷകർക്കും പാർട്ട് ടൈം ഗവേഷകർക്കും കോഴ്സ് വർക്ക് ക്രെഡിറ്റുകളിൽ വ്യത്യാസം ഉണ്ടായിരിക്കുന്നതല്ല.

► പ്രാഥമിക യോഗ്യതാ പരീക്ഷ (PQE) എഴുതുന്നതിന് 70% മിനിമം കോഴ്സ് വർക്ക് അറ്റന്റൻസ് ഉണ്ടായിരിക്കണം.

► ഓരോ സെമസ്റ്ററിലും കോഴ്സ് വർക്ക് ചെയ്തുകൊണ്ടിരിക്കുന്ന ഗവേഷകരുടെ വിവരങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് റിസർച്ച് സെന്ററുകളിലേക്ക് അയക്കുന്ന Circular പ്രകാരമുള്ള വിവരങ്ങൾ, നിശ്ചിത സമയത്തിനുള്ളിൽ ലഭ്യമാക്കേണ്ടതാണ്.

► കോഴ്സ് വർക്ക് പൂർത്തിയാക്കിയ ഓരോ ഗവേഷകന്റെയും 6 മാസത്തെ കോഴ്സ് വർക്ക് അറ്റന്റൻസ്, റിസർച്ച് ഗൈഡ്, സെൻട്രലൈസ്ഡ് കോളേജ്/ഡിപ്പാർട് മെന്റ് പോർട്ടലിൽ രേഖപ്പെടുത്തേണ്ടതാണ്.

► പി.എച്ച്.ഡി. കോഴ്സ് വർക്ക് , പി.ക്യു.ഇ. എന്നിവയുമായി ബന്ധപ്പെട്ട മറ്റു സംശയങ്ങൾക്ക് DoR E സെക്ഷനിൽ ബന്ധപ്പെടാവുന്നതാണ്.

Ph: **04942407545** Email: **dore@uoc.ac.in**